"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - കുളത്തൂപ്പുഴ ഡിപ്പോയിൽ നിന്നും ലേലം കൊണ്ട തടികൾ യഥാസമയം തുക ഒടുക്കി നീക്കം ചെയ്യാത്തതിനാൽ പിഴപ്പലിശ, സർചാർജ്ജ്, തറവാടക, മറ്റു നികുതികൾ എന്നിവ ഉൾപ്പെടെയുള്ള തുക അടച്ച് തടി നീക്കം ചെയ്യാനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ) നം.280/2024/F&WLD തീയതി,തിരുവനന്തപുരം, 27-06-2024

---

പരാമർശം:-

1. ശ്രീ.കവിലാൽ.ഇ.ജി, കവിതഭവനം, തുണ്ടത്തിൽ.പി.ഒ, ചേങ്കോട്ടുകോണം എന്നയാൾ 1/12/2023-ൽ ബഹു. വനം വന്യജീവി വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം.
2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന്റെ ./1/2024, 03/04/2024 തീയതികളിലെ പ്രൊ5-428/2024 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കുളത്തൂപ്പുഴ ഡിപ്പോയിൽ നിന്നും ലേലം കൊണ്ട തടി യഥാസമയം തുക ഒടുക്കി നീക്കം ചെയ്യാൻ, ആരോഗ്യപ്രശ്നങ്ങൾ കൊണ്ട്, സാധിക്കാത്തതിനാൽ തുക അടച്ച് തടി നീക്കം ചെയ്യാനുള്ള അനുമതി നൽകണമെന്നാവശ്യപ്പെട്ട് ശ്രീ.കവിലാൽ.ഇ.ജി, കവിതഭവനം, തുണ്ടത്തിൽ. പി. ഒ, ചേങ്കോട്ടുകോണം എന്നയാൾ ബഹു.വനം വന്യജീവി വകുപ്പ് മന്ത്രിയ്ക്ക് പരാമർശം 1) പ്രകാരം നിവേദനം സമർപ്പിക്കുകയുണ്ടായി.

2) ആരോഗ്യപ്രശ്നങ്ങൾ കൊണ്ടാണ് യഥാസമയം തുക ഒടുക്കാൻ കഴിയാതിരുന്നത് എന്നുള്ള വിവരം ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ യഥാസമയം ബോധ്യപ്പെടുത്തുകയും, പിഴയുൾപ്പെടെ തുക അടക്കുന്നതിന് അപേക്ഷകൻ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ശ്രീ.ഇ.ജി.കവിലാൽ-ന്റെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്നും, എന്നാൽ ലേലവ്യവസ്ഥകളിൽ ഉൾപ്പെടാത്ത വസ്തുതകളിൽ നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമായതിനാൽ അനുവദനീയമായ കാലാവധി കഴിഞ്ഞുള്ള ദിവസങ്ങൾ ക്ക് 48% പിഴ പലിശയും, 5% സർചാർജ്ജും ഈടാക്കിക്കൊണ്ടോ അല്ലെങ്കിൽ സർക്കാർ തീരുമാനിക്കുന്ന യുക്തമായ പിഴപലിശയും, സർചാർജ്ജും ഈടാക്കിക്കൊണ്ടോ ബാക്കി തുക അടവാക്കുന്നതിന് ശ്രീ.കവിലാൽ.ഇ.ജി-യ്ക്ക് അനുവാദം നൽകാവുന്നതാണെന്ന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) പരാമർശം 2) പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപേക്ഷകന്റെ ആരോഗ്യകാരണങ്ങളാലാണ് കൃത്യസമയത്ത് ലേല സംബന്ധമായ ബാക്കി തുക ഒടുക്കാനാവാതെ വന്നത് എന്നതിനാൽ, മാനുഷിക പരിഗണന നൽകി, ഒരു ഇളവ്

എന്ന നിലയിൽ ഒരവസരം കൂടി നൽകി, 48% പിഴപലിശയും, 5% സർചാർജ്ജും ഈടാക്കി, തറവാടക, മറ്റിനത്തിൽ ഏതെങ്കിലും നികുതികൾ ഈടാക്കാനുണ്ടെങ്കിൽ അവയും ഒടുക്കിക്കൊണ്ടു ഉത്തരവാകുന്ന തീയതി മുതൽ 30 ദിവസത്തിനകം ലേല ഉരുപ്പടികൾ നീക്കം ചെയ്യുവാൻ ശ്രീ.കവിലാൽ.ഇ.ജി എന്നയാളെ അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PRAMOD V R

ജോയിന്റ് സെക്രട്ടറി

ശ്രീ.കവിലാൽ.ഇ.ജി, കവിതഭവനം, ഉണ്ടത്തിൽ.പി.ഒ, ചേങ്കോട്ടുകോണം

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്), ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (2771943/Agri-A1/110/2024-Fin dated, 30/5/2024 പ്രകാരം)

വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Ramjan P A
Date: 27-06-2024 13:59:44

സെക്ഷൻ ഓഫീസർ

പകർപ്പ് :- മുഖ്യമന്ത്രിയുടെ ഓഫീസിന്/ വനം വന്യജീവി വകുപ്പ് മന്ത്രിയുടെ ഓഫീസിന്/ വനം വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസിന്.